# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കേളകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്-2015-16

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി11-24/ 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ-670001

തീയ്യതി : 01-02-2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം) ,

കേളകം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കേളകം ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/

തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് നിയമം പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം ( ഇ-മെയിൽ വഴി )
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )
3. കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി11-24/2017

തീയ്യതി : 01-02-2017

<u>കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക</u>

# വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആമുഖം

കേളകം ഗ്രാമ പഞ്ചായത്ത് 1-4-2015 മുതൽ 21-12-2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കു കയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ. ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22-12-2016 മുതൽ 31-12-2016 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|
| ശ്രീ. സി.വി. ജ്യോതിഷ് കുമാർ 26-12-2016 വരെ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. പ്രദീപ് കുമാർ. എം. 27-12-2016 മുതൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ. വിജോഷ്. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനൂപ്. കെ.കെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. രാജിമ. എ.സി. | ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മേരി ഉലഹന്നാൻ | 1-4-2015 മുതൽ 31-10-2015വരെ |
| | ശ്രീമതി. മൈഥിലി രമണൻ | 20-11-2015മുതൽ31-3-2016വരെ |
| ഭരണ നിർവ്വഹണ കമ്മിറ്റി | 1. ശ്രീ. കെ. ദിവാകരൻ, സെക്രട്ടറി<br>ശ്രീ. ബാബുക്കുട്ടി ജോസഫ്, കൃഷി ഓഫീസർ<br>ശ്രീമതി. ലീല.സി.സി, ICDS സൂപ്പർവൈസർ | 1-11-2015 മുതൽ 19-11-2015 വരെ |
| സെക്രട്ടറി | ശ്രീ. യു.പി. പ്രദീപ് | 1-4-2015 മുതൽ 2-6-2015 വരെ<br>1-7-2015 മുതൽ 31-7-2015 വരെ |
| | ശ്രീ. അനിൽ രാമകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി<br>സെക്രട്ടറിയുടെ അധിക ചുമതല | 3-6-2015 മുതൽ 30-6-2015 വരെ<br>1-8-2015 മുതൽ 2-8-2015 വരെ |
| | ശ്രീ. കെ. ദിവാകരൻ | 3-8-2015 മുതൽ 31-3-2016 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഇബിനു മഷൂദ് | 1-4-2015 മുതൽ 31-3-2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ബാബുക്കുട്ടി ജോസഫ് | 1-4-2015 മുതൽ 31-3-2016 വരെ |
| വി.ഇ.ഒ. | ശ്രീ. മനോജ്. കെ.കെ | 1-4-2015 മുതൽ 6-9-2015 വരെ |
| | ശ്രീ.അബ്ദുള്ള. സി | 7-9-2015 മുതൽ 18-1-2016 വരെ |
| | ശ്രീ. ജലാലുദ്ദീൻ. കെ.വി | 19-1-2016 മുതൽ 24-1-2016 വരെ |
| | ശ്രീ. മണി. പി.കെ. | 25-1-2016 മുതൽ 31-3-2016 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ലീല. സി.സി | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ. മുഹമ്മദ് മിറാസ് | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ GAD | ഡോ. മിനു ചിത്ര | 1-4-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ GHD | ഡോ. ഷാഹുൽ ഹമീദ് | 1-4-2015 മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബീറ്റു ജോസഫ് | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അനിൽ രാമകൃഷ്ണൻ. | 1-4-2015 മുതൽ 3-8-2015 വരെ |
| | ശ്രീ. കെ. ദിവാകരൻ | 4-8-2015 മുതൽ 18-8-2015 വരെ |
| | ശ്രീമതി. റോസമ്മ ജേക്കബ് | 19-8-2015 മുതൽ 31-3-2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഹാരിസ്. എൻ.കെ. | 1-4-2015 മുതൽ 6-7-2015 വരെ |
| | ശ്രീ. മണി. പി.കെ | 7-7-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം

| ക്രമ | വിവരണം | ഖണ്ഡിക | പേജ് |
|---|---|---|---|

| നമ്പർ | | നമ്പർ | നമ്പർ |
|---|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| 11 | വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദ്യേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ് | 1-11 | |
| 12 | പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ കാർഷിക മേഖലയെ അവഗണിക്കുന്നു | 1-12 | |
| 13 | ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം തൃപ്തികരമല്ല | 1-13 | |
| 14 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 1-14 | |
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |

| | | | |
|---|---|---|---|
| 15 | 100 ച. മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ₹6,903 യുടെ വരുമാന നഷ്ടം | 2-1 | |
| 16 | തൊഴിൽ നികുതി -അപാകങ്ങൾ | 2-2 | |
| 17 | ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ ₹1,100 യുടെ കുറവ് | 2-3 | |
| 18 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-4 | |
| 19 | ഇ ടെണ്ടർ - ടെണ്ടർ ഫോറം വിലയായ ₹26,800 ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. | 2-5 | |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. വിഹിതം ഒടുക്കുന്നതിലെ അപാകങ്ങൾ | 3-1 | |
| 21 | പെർഫോർമൻസ് ഓഡിറ്റിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-2 | |
| 22 | മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല – ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-3 | |
| 23 | കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ പ്രവൃത്തി നടന്നില്ല - ₹1,20,000ടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 | |
| 24 | മാർഗരേഖക്ക് വിരുദ്ധമായ ചെലവ് ₹10,500 യുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-5 | |
| 25 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. സർക്കാർ നിശ്ചയിച്ച നിരക്കിൽ വിതരണം ചെയ്തില്ല. | 3-6 | |

| | | | |
|---|---|---|---|
| 26 | ഗുണഭോക്തൃകമ്മിറ്റി കൺവീനർമാർ പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിച്ചത് ക്രമവിരുദ്ധം | 3-7 | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധങ്ങൾ | | |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 | |
| 37 | റസീറ്റ് & പെയ്മെന്റ് സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-2 | |
| 38 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റെയിറ്റ്മെന്റ് | അനുബന്ധം-3 | |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 ലെ ബജറ്റ് 30-3-2015 ലെ 52/2015 -)ാനമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 3-3-2016ലെ 59/16-)ാ നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിൽ ഉള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം ഉള്ളത് ₹ | പുതുക്കിയ ബജറ്റ് പ്രകാരമുള്ളത് ₹ | വാർഷിക കണക്ക് പ്രകാരം ഉള്ളത് ₹ | വ്യത്യാസം | | ശതമാനം (+) |
|---|---|---|---|---|---|---|
| | | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 45,06,422 | 57,03,286 | 1,63,81,074 | 1,06,77,788 | - | 187.22 |
| വരവ് | 8,91,93,500 | 1,14,26,107 | 3,83,43,286 | 2,69,17,179 | - | 235.57 |
| ആകെ | 9,36,99,922 | 1,71,29,393 | 5,47,24,360 | 3,75,94,967 | - | 219.48 |
| ചെലവ് | 8,96,66,500 | 81,00,412 | 4,39,87,828 | 3,58,87,416 | - | 443.03 |
| നീക്കിയിരിപ്പ് | 40,33,422 | 90,28,981 | 1,07,36,532 | 17,07,551 | - | 18.91 |

പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ തമ്മിൽ ഭീമമായ തുകയുടെ അന്തരമുണ്ട്. വരും വർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2015-16 | 31-7-2016 | 30-6-2016 | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച | സർട്ടിഫിക്കറ്റിന്റെ തരം |
|---|---|---|

| | തീയതി | |
|---|---|---|
| 2015-16 | 22-12-2016 | വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം |

വാർഷിക കണക്കിലെ അപാകങ്ങൾ താഴെകൊടുക്കുന്നു.

1. വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ ഇനം തിരിച്ച് സൂക്ഷിക്കുന്നില്ല.
3. ആസ്തി ബാധ്യതാ റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
4. വാർഷിക കണക്കുകളിൽ മുൻവർഷത്തെ താരതമ്യതുകകൾ രേഖപ്പെടുത്തുന്നില്ല.
5. ലേലം രജിസ്റ്ററിൽ വാർഷികസംഗ്രഹം എഴുതി സൂക്ഷിക്കുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 1,63,81,074 |
| വരവ് | 3,83,43,286 |
| ആകെ | 5,47,24,360 |
| ചെലവ് | 43,987,828 |
| നീക്കിയിരിപ്പ് | 1,07,36,532 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 23,06,131 | 7,29,095 (TC) | 1,05,54,466 | 1,05,54,466 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | | 75,19,240 | | | | |
| വികസനഫണ്ട് (എസ്.സി.പി) | 80,799 | 3,75,000 (TC) -20,799 | 4,35,000 | 4,35,000 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 10,98,112 | 24,86,915 (TC) -9,26,384 | 26,58,643 | 26,58,643 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 9,30,198 | 69,55,827 | 78,86,025 | 78,86,025 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4,84,355 | 15,41,188 | 20,25,543 | 20,25,543 | 0 | 100 |
| 13-)ഠധനകാര്യ കമ്മീഷൻ അവാർഡ് | 33,87,554 | 70,58,213 (TC) -38,36,153 | 66,09,614 | 66,09,614 | 0 | 100 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 0 | 4,15,594 | 4,15,594 | 4,15,267 | 327 | 99.92 |
| ബി. ഫണ്ട് | 0 | 1,54,340 | 1,54,340 | 1,54,340 | 0 | 100 |
| ലോകബാങ്ക്സഹായം | 28,50,404 | 20,68,620 (TC) -27,35,904 | 21,83,120 | 21,83,120 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 144 | 4,93,77,589 | 108 | 3,73,06,656 | 4 | 32 | 75 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 23,23,810 | 33,36,182 | 10,12,372 | (+)43.57 |
| നികുതിയേതര വരവുകൾ | 8,41,650 | 9,69,466 | 1,27,816 | (+)15.19 |
| മറ്റ് വരവുകൾ | 0 | 0 | | 0 |
| ആകെ | 31,65,460 | 43,05,648 | 11,40,188 | (+)36.02 |

## 1-8 ക്ഷേമപദ്ധതികൾ

2015-16വർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 15,480 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 8,03,250 | 108 |
| വിധവാ പെൻഷൻ | 72,18,240 | 484 |
| വാർദ്ധക്യകാല പെൻഷൻ | 11,50,050 | 1,548 |
| വികലാംഗ പെൻഷൻ | 19,67,960 | 220 |
| അവിവാഹിത പെൻഷൻ | 1,56,000 | 16 |
| വിവാഹ ധനസഹായം | 90,000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-12-2016 ന് 3.25 p.m മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 18,945 യുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമല്ല | | |
| പെർഫോമൻസ് ഓഡിറ്റ് | 7-10-2016 മുതൽ 13-10-2016 വരെ | 1-7-2016 മുതൽ 30-9-2016 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 വിനിയോഗിക്കാൻ ബാക്കിയുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ തിരിച്ചടക്കേണ്ടതാണ്

2015-16 വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം ₹49,95,948 യുടെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാൻ ബാക്കിയുണ്ട്. ഈ ഗ്രാന്റുകൾ ഏതൊക്കെ ഇനങ്ങളിലേതാണെന്നുള്ളത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/26-12-2016) ന് താഴെപ്പറയുന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | ഗ്രാന്റുകളുടെ പേര് വിവരം | ബി-4 ഷെഡ്യൂൾ പ്രകാരം വിനിയോഗിക്കാൻ ബാക്കിയുള്ള തുക ₹ | ടി തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ഏത് ഫണ്ടിലാണ് നീക്കിയിരിപ്പായിട്ടുള്ളത് | തുക ചെലവഴിക്കാതിരിക്കാനുള്ള കാരണം |
|---|---|---|---|---|
| 1 | NREGA | 327 | NREGS | - |
| 2 | TSC | 1,92,824 | TSC | SPILL OVERആയി |

| | | | | |
|---|---|---|---|---|
| | | | | തുടരുന്നു |
| 3 | SSA | 9,364 | SSA | - |
| 4 | WGDP | 7,55,705 | WGDP | 2012-13 മുതൽ പദ്ധതി നിർത്തലാക്കി |
| 5 | ICDS | 2,91,785 | OWN | പദ്ധതി തുടരുന്നു |
| 6 | PYKA | 2,80,000 | OWN | പദ്ധതി തുടരുന്നു |
| 7 | SPECIAL FUND | 34,39,117 | CORPUS FUND | പദ്ധതി തുടരുന്നു |
| 8 | LITERACY GRANT | 5,112 | LITERACY FUND | - |
| 9 | MP FUND | 20,846 | MP FUND | INTEREST |
| 10 | KERALOTHSAVAM | 868 | OWNFUND | - |
| | ആകെ | 49,95,948 | | |

2012-13 മുതൽ നിർത്തലാക്കിയ വെസ്റ്റേൺ ഘട്ട് ഡവലപ്മെന്റ് തുകയും, ഉപയോഗിക്കാതെ ബാക്കിയുള്ള ലിറ്ററസി ഗ്രാന്റ്, കേരളോത്സവം ഗ്രാന്റ് എന്നിവ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 1-12 പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ കാർഷിക മേഖലയെ അവഗണിക്കുന്നു

കേളകം ഗ്രാമ പഞ്ചായത്ത് 2015-16 വർഷം കാർഷിക മേഖലയിൽ ഒറ്റ പ്രോജക്ട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ മൊത്തം പദ്ധതി അടങ്കലായ ₹4,93,77,589 യിൽ കാർഷിക മേഖലക്ക് നീക്കിവച്ചത് ₹5,52,726 മാത്രമാണ്. മൊത്തം പദ്ധതി അടങ്കലിന്റെ 1.12% മാത്രമാണ് കാർഷിക മേഖലക്ക് അനുവദിച്ചിട്ടുള്ളത്. 70% ജനങ്ങളും കൃഷി അനുബന്ധ മേഖലയിൽ ഉപജീവനം നടത്തുന്ന ഗ്രാമ പഞ്ചായത്തിൽ (കേളകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ പദ്ധതിരേഖയുടെ പേജ് 13 കാണുക.) കാർഷിക മേഖലക്കായി പദ്ധതി അടങ്കലിന്റെ 1.12% മാത്രം നീക്കിവച്ച നടപടി അഭിലഷണീയമല്ല. വരും വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുമ്പോൾ കാർഷിക മേഖലയിൽ ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി പ്രവർത്തനം തൃപ്തികരമല്ല

2003ലെ കെ.പി.ആർ(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ (സ.ഉ 51/2003 ത.സ്വ.ഭ തീ 22/2/2003) പ്രകാരം ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും (കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് കേളകം ശാഖ, അക്കൗണ്ട് നം 2117) ഓഡിറ്റ് കാലയളവിൽ ഈ അക്കൗണ്ടിൽ നിന്നും തുകയൊന്നും ചെലവഴിച്ചിട്ടില്ല. വാർഷികകണക്കുകൾ പ്രകാരം ₹8,713 ബാക്കിയുണ്ട്. ഓഡിറ്റ് കാലയളവിൽ ദുരിതാശ്വാസനിധിയിൽ നിന്നും ആർക്കും ധനസഹായം നൽകിയിട്ടില്ല എന്നത് പഞ്ചായത്തിലെ പാവപ്പെട്ടവർക്കും ദുരിത ബാധിതർക്കും ആശ്വാസമാവേണ്ട ദുരിതാശ്വാസനിധിയോടുള്ള ഗ്രാമ പഞ്ചായത്തിന്റെ സമീപനം തീരെ തൃപ്തികരമായിരുന്നില്ല എന്നതിന്റെ സൂചകമാണ്. ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അർഹിക്കുന്ന പാവപ്പെട്ട ജനങ്ങൾക്ക് അർഹമായ സഹായം നൽകുവാൻ ഗ്രാമ പഞ്ചായത്തിന് സാധിക്കാതെ വന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമസഭ മുഖാന്തിരവും മറ്റും വ്യാപകമായ പ്രചരണങ്ങൾ നൽകി ദുരിതാശ്വാസനിധിയുടെ വിനിയോഗം ഫലപ്രദമാക്കേണ്ടതാണ്.

## 1-14 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഒരു വർഷം വാങ്ങുന്ന മുഴവൻ സാധനങ്ങളുടേയും സ്റ്റോക്ക് രേഖപ്പെടുത്തുന്നത് ഒറ്റ സ്റ്റോക്ക് രജിസ്റ്ററിലാണ്. ദൈനംദിന ആവശ്യങ്ങൾക്കായി വാങ്ങുന്ന പേപ്പർ, ഫോറങ്ങൾ, ഫയൽ ബോർഡ് തുടങ്ങിയവയുടെ സ്റ്റോക്ക് രേഖപ്പെടുത്തിയ രജിസ്റ്ററിൽ തന്നെയാണ് സ്ഥിര ആസ്തികളായ കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ എന്നിവയുടേയും സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പിന്റെ 24-9-2014 ലെ 86/2010/ഫിൻ നമ്പർ സർക്കുലറിൽ കംപ്യൂട്ടറുകളുടെ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്യൂട്ടറുകൾക്കായി പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും ,മറ്റ് സ്ഥിര ആസ്തികൾ രേഖപ്പെടുത്തുന്നതിനായി മറ്റൊരു സ്റ്റോക്ക് രജിസ്റ്ററും തയ്യാറാക്കേണ്ടതും ഓരോ ഇനവും പ്രത്യേക പേജുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 100 ച മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് 4,903 രൂപ പഞ്ചായത്തിന് വരുമാന നഷ്ടം

2011 ലെ കേരള പഞ്ചായത്തിരാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമപഞ്ചായത്തിന്റെ 23/3/12 തീയതിയിലെ 42/2012 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 100 ച. മീറ്റർ വരെയുള്ള ഷോപ്പുകൾക്ക് ചതുരശ്ര മീറ്ററിന് 45 രൂപ നിരക്കിലും 100 ച. മീറ്റർ മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 55 രൂപ നിരക്കിലും വസ്തു നികുതി നിർണ്ണയിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പെർമിറ്റ് നം.ബി.എ.34 /14-15/04.09.2014 പ്രകാരം ശ്രീമതി. വാത്യാട്ട് ഏലിക്കുട്ടി, വാത്യാട്ട് ബേബി എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മാണം പൂർത്തിയാക്കിയ 691.41 ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ റസിഡൻഷ്യൽ ആവശ്യത്തിനായി

നികുതി നിർണ്ണയിച്ച (93.28ച.മീ.) ഭാഗം കഴിച്ച് വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 598.13ച.മീ. കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിൽ സംഭവിച്ച അപാകത മൂലം 4,903 രൂപയുടെ നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. വാണിജ്യാവശ്യത്തിനായി പെർമിററ് നൽകിയ കെട്ടിടത്തിന്റെ ഒരുഭാഗം (93.28ച.മീ.) റസിഡൻഷ്യൽ ആവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റെ വിനിയോഗത്തിന്റെ സ്വഭാവം മാറ്റുന്നതിന് വേണ്ടിയിട്ടുള്ള യാതൊരു അപേക്ഷയും ഫയലിൽ ലഭ്യമല്ല.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം -691.41 ച മി

വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ഏരിയ -598.13ച മീ

ഈടാക്കേണ്ട വസ്തുനികുതി 598.13 x 55= 32897+

20% (road)= 6,579

LC 5% = 1,974

TOTAL = 41,450രൂപ

ഈടാക്കിയ വസ്തു നികുതി = 36,547 രൂപ (BT +20% വർദ്ധനവ് +LC)

കുറവ് - 4,903 രൂപ

ഈടാക്കിയ വസ്തുനികുതിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഏരിയ | കെട്ടിട നികുതി | വർദ്ധനവ് | ഇളവ് | വാർഷിക നികുതി | ലൈബ്രറി സെസ്സ് | ആകെ | രസീത് നം, തീയതി |
|---|---|---|---|---|---|---|---|---|---|
| 1 | 999A | $30.08m^2$ | 1354 | 270 | - | 1624 | 81 | 1705 | 11503100240, 19-5-15 |
| 2 | 999B | $36.99m^2$ | 1664 | 332 | - | 1996 | 100 | 2096 | 11503100241, 19-5-15 |
| 3 | 999C | $19.39m^2$ | 872 | 174 | - | 1046 | 52 | 1098 | 11503100242, 19-5-15 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 999E | 120m$^2$ | 6600 | 1320 | - | 7920 | 396 | 8316 | 11503100587, 7-7-15 |
| 5 | 999F | 54.98m$^2$ | 3024 | 605 | - | 3629 | 181 | 3810 | 11503100588, 7-7-15 |
| 6 | 999H | 62.98m$^2$ | 3464 | 693 | 173 | 3984 | 199 | 4183 | 1150310590, 7-7-15 |
| 7 | 999G | 230.99m$^2$ | 12704 | 2540 | 635 | 14609 | 730 | 15339 | 11503100589, 7-7-15 |
| | ആകെ | 555.41 ച.മീ. | | | | | | 36,547 | |

ക്രമ നമ്പർ 1 മുതൽ 3 വരെ 45 രൂപ/ച.മീ. എന്ന നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 203 (2) ബി പ്രകാരം ഒരു ഏകനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറവിസ്തീർണ്ണം എന്നും ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ ആകെ വിസ്തീർണ്ണം എന്നും വ്യക്തമാക്കുന്നുണ്ട്. സെക്ഷൻ 203(9) പ്രകാരം ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ രണ്ടാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപ വിഭാഗങ്ങളോ 7-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രമാണ് കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമാകുന്ന രീതിയിൽ വാർഷിക വസ്തു നികുതി വെവ്വേറെ കണക്കാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകം മൂലം കുറവ് വന്ന നികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിലും നികുതി നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി -അപാകങ്ങൾ

1. സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1.എം ജി എൻ ആർ ജി എസ് ജീവനക്കാരുടെ തൊഴിൽ നികുതി (2015-16 വർഷം)

2.ക്ഷീര സഹകരണ സംഘം, കേളകം (ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി -രണ്ടാം അർദ്ധവർഷം)

3 ക്ഷീരസഹകരണ സംഘം, ചെട്ടയാംപറമ്പ് (ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന

തൊഴിൽ നികുതി ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി)

4 കള്ള് ഷാപ്പ്, കേളകം (ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി -ഒന്നാം അർദ്ധവർഷം)

5 കൊട്ടിയൂർ മെറ്റൽസ് (ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി -ഒന്നാം അർദ്ധവർഷം)

6 കേളകം ഇൻഡെയ്ൻ (ഗ്യാസ് ഏജൻസി )(ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി -രണ്ടാം അർദ്ധവർഷം)

7 മർച്ചന്റ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി (ജീവനക്കാരുടെ തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി -രണ്ടാം അർദ്ധവർഷം)

8എൽ എസ് ജി ഡി കേളകം GP (ജീവനക്കാരുടെ തൊഴിൽ നികുതി , -ഒന്നാം അർദ്ധവർഷം)

9 കെ എസ് എഫ് ഇ (സ്ഥാപന തൊഴിൽ നികുതി - ഒന്നാം അർദ്ധവർഷം)

10 മർച്ചന്റ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (രണ്ടാം അർദ്ധവർഷം-സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി )

2. താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നമ്പർ | ജീവനക്കാരുടെപേര്, തസ്തിക | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|---|
| 1 | ഡോ ഷാഹുൽ ഹമീദ് | ഗവ ഹോമിയോ ഡിസ്പൻസറി | രണ്ടാം അർദ്ധവർഷം(joined on 20/1/16) |
| 2 | സിയാദ് കെ സി<br>JHI Gr 1 | PHC കേളകം | രണ്ടാം അർദ്ധവർഷം (joined on 13/1/16) |

ഈടാക്കാൻ കുറവ് വന്ന തൊഴിൽ നികുതി ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

3. വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ ₹ 3,890 യുടെ കുറവ്

2015-16 വർഷത്തെ പരിശോധനയിൽ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ ₹3,890 യുടെ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യാപാരിയുടെ പേര് വിലാസം, കെട്ടിട നമ്പർ | സംരംഭം | പ്രതിദിന വിറ്റുവരവ് | ഈടാക്കിയ തൊഴിൽ നികുതി ,രശീതി നമ്പർ | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ജോഷി തോമസ് കളപ്പുരക്കൽ(H) 1/326,327 | പലചരക്ക് | 4,000 | 360, --- | 600 | 240 |
| 2 | കവിത കെ എം തൈപ്പാടത്ത് (H) കാക്കയങ്ങാട് 12/398 | സിമന്റ് വിൽപന | 20,000 | 450 300102 , 1/12/15 | 1,000 | 550 |
| 3 | ദേവദാസൻ ജെ മാതൃക ഹൗസ് കേളകം 12/301 | ബിൽഡിംഗ് മെറ്റീരിയൽസ് | 10,000 | 600 101624, 30/11/15 | 900 | 300 |
| 4 | സിബിച്ചൻ എം സി മുളന്താനത്ത് വീട് ചുങ്കക്കുന്ന് 13/427 | ഇലക്ട്രിക് സാധനങ്ങൾ വിൽപന | 20,000 | 900 11503101254, 9/9/15 | 2,000 | 1,100 |
| 5 | ജോസഫ് തറയിൽ കേളകം 13/742 | മലഞ്ചരക്ക് | 15,000 | 1,200 100651, 14/4/15 | 1,500 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 6 | സിന്ധു വസന്ത കുമാർ ഊന്നകല്ലുങ്കൽ | ഫുഡ് സ്റ്റോക്ക് &സെയിൽസ് | 5,000 | 300 101668, 7/12/15 | 600 | 300 |
| 7 | ഷോപ്പ് മാനേജർ മാവേലി സ്റ്റോർ | മാവേലി സ്റ്റോർ | 20,000 | 1,200 102904, 4/3/16 | 2,000 | 800 |
| 8 | പീറ്റർ സി കെ ചൂരക്കാതടത്തിൽ വെള്ളൂന്നി | അലോപ്പതി മരുന്ന് | 16,000 | 1,200 102814, 3/2/116 | 1,500 | 300 |
| | ആകെ | | | | | 3,890 |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന ₹3,890 ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീ ഈടാക്കിയതിൽ ₹1,100 യുടെ കുറവ്

താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വ്യാപാരിയുടെ പേര്, വിലാസം, കെട്ടിട നമ്പർ | സംരംഭം | വിറ്റുവരവ് | ഡി & ഒ ലൈസൻസ് ഫീസ് | | |
|---|---|---|---|---|---|---|
| | | | | ഈടാക്കേണ്ടത് ₹ | ഈടാക്കിയത് രശീതി നമ്പർ | കുറവ് ₹ |
| 1 | കവിത കെ എം തൈപാടത്ത് ഹൗസ് കാക്കയങ്ങാട്(p.o) 13/398 | സിമന്റ് വിൽപന | 20,000 | 500 | 200 300101 1-12-15 | 300 |

| | | | | | | |
|---|---|---|---|---|---|---|
| 2 | സിബിച്ചൻ എം സി<br>മുളന്താനത്ത് വീട്<br>ചുങ്കക്കുന്ന് (P,O)<br>13/427 | ഇലക്ട്രിക് സാധനങ്ങളുടെ വിൽപന | 20,000 | 500 | 200<br>11503101254<br>9-9-15 | 300 |
| 3 | ഷോപ്പ് മാനേജർ<br>മാവേലി സ്റ്റോർ<br>13/898 | മാവേലി സ്റ്റോർ | 20,000 | 500 | 300<br>102903/14-3-16 | 200 |
| 4 | പീറ്റർ സി കെ<br>ചൂരക്കാതടത്തിൽ<br>വെള്ളൂന്നി<br>13/189 | അലോപ്പതി മരുന്ന് | 16,000 | 500 | 300<br>102814/3-2-16 | 200 |
| 5 | നജീബ് നടുക്കണ്ടി<br>അടക്കാത്തോട്<br>കേളകം<br>8/30 | മലഞ്ചരക്ക് | 10,000 | 200 | 100<br>102998/8-2-16 | 100 |
| | ആകെ | | | | | 1,100 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ 11/28-12-16) കുറവ് വന്ന തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈടാക്കാൻ കുറവ് വന്ന ₹1,100 തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 209 ൽ നിർദേശിച്ച പ്രകാരമുള്ള പരസ്യനികുതി ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ഈടാക്കിയിട്ടില്ല. പ്രസ്തുത വകുപ്പ് പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും സർക്കാർ വക സ്ഥലത്തോ, സ്വകാര്യസ്ഥലത്തോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കു ന്നുണ്ടെങ്കിൽ പരസ്യത്തിന്റെ ഉടമ സർക്കാരിന്റെ അംഗീകാരത്തോടെ ഗ്രാമ പഞ്ചായത്തിൽ നിശ്ചയിക്കുന്ന നിരക്കിൽ പരസ്യ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. കേളകം ഗ്രാമ പഞ്ചായത്തിൽപെട്ട

കേളകം, അടക്കാത്തോട് തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിലും, റോഡുകളുടെ ഇരുപുറങ്ങളിലുമായും ഇത്തരം ധാരാളം പരസ്യങ്ങൾ ഉണ്ടെങ്കിലും പരസ്യ നികുതി ഇനത്തിലുള്ള വരവ് ഗ്രാമ പഞ്ചായത്തിൽ ഇല്ല. ആയതിനാൽ ബൈലോ തയ്യാറാക്കി സർക്കാരിൽനിന്ന് അംഗീകാരം വാങ്ങി പരസ്യനികുതി ഈടാക്കുവാനും അതുവഴി തനത്ഫണ്ട് വർധിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ ടെണ്ടർ - ടെണ്ടർ ഫോറം വിലയായ ₹26,800 ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

അഞ്ചു ലക്ഷത്തിനു മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികൾ നിലവിൽ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കി വരുന്നത്. ടെണ്ടർ ഫോറം വില ഓൺലൈൻ ആയി ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുതലത്തിൽ സൗകര്യം ഇല്ലാത്തതിനാൽ, സർക്കാർ നിർദ്ദേശാനുസരണം ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടുകൾ വഴിയാണ് ഇടപാടുകൾ നടത്തിവരുന്നത്. കേളകം ഗ്രാമപഞ്ചായത്തിന് 2015-16 സാമ്പത്തികവർഷം ₹26,800 ടെണ്ടർ ഫോറം വിലയിനത്തിൽ തിരികെ ലഭിക്കാനുണ്ട്. ഈ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ വാറ്റിനത്തിൽ ഈടാക്കിയ ₹1,340 ഒടുക്കുവരുത്തേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമ പഞ്ചായത്ത് ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ്. വിഹിതം ഒടുക്കുന്നതിലെ അപാകങ്ങൾ.

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന 50 വയസ്സ് തികയാത്ത ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച് ഒരു മാസത്തിനകം എസ്.എൽ.ഐ. അംഗത്വമെടുക്കേണ്ടതും സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പോളിസികളിൻ മേലുള്ള വർദ്ധനവ് വരുത്തേണ്ടതുമാണ്. എന്നാൽ കേളകം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ 4/2015ലെ ശമ്പള വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും മേൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നു കാണുന്നു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പേര്, തസ്തിക | അടിസ്ഥാന ശമ്പളം | SLI പ്രീമിയം ഒടുക്കേണ്ടത് | ഒടുക്കി വരുന്നത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | യു.പി. പ്രദീപ് സെക്രട്ടറി | 25,900 | 375 | 150 | 225 | |
| 2 | സുഗതൻ എം. അക്കൗണ്ടന്റ് | 15,780 | 225 | 150 | 75 | |
| 3 | അഷ്റഫ് പി.വി, | 14,980 | 225 | 100 | 125 | |

| | | | | | | |
|---|---|---|---|---|---|---|
| | സീനി. ക്ലർക്ക് | | | | | |
| 4 | ഷാജൻ കെ, ക്ലർക്ക് | 9,940 | - | ഇല്ല | | SLI,GIS അംഗത്വമെടുത്തിട്ടില്ല. |

ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 3-2 പെർഫോർമൻസ് ഓഡിറ്റിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ജി.ഒ.(എം.എസ്)-188/2015/ത.സ്വ.ഭ.വ, തീയതി 8-6-2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന ധനസഹായമായി വൗച്ചർ നം- 21500418 തീയതി 3-10-2015 പ്രകാരം ₹10,000 പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ്-2(പേരാവൂർ) സൂപ്പർവൈസർക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ഗ്രാമ പഞ്ചായത്തിന് വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-8/27-12-2016) മറുപടിയായി പേരാവൂർ എസ്.ബി.ടി യിലെ 67338508173 നമ്പർ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് സൂപ്പർവൈസറുടെ സാക്ഷ്യപത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹10,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 മരുന്നുകൾ സ്റ്റോക്കിലെടുത്തില്ല – ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണോദ്യോഗസ്ഥൻ : പി. എച്ച്. സി. മെഡിക്കൽ ഓഫീസർ

പ്രോജക്റ്റ് നമ്പർ,പേര് : 14 / 16, പി. എച്ച്. സി. ക്ക് മരുന്നു വാങ്ങൽ

ചെലവ് : ₹1,00,000 ( എം. ജി.- നോൺ റോഡ് )

ഡി. ഡി. നമ്പർ : 678488 / 29-10-2015

മേൽപറഞ്ഞ പ്രകാരം, കേളകം പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്ന് ലഭ്യമാക്കുന്നതിനായി ₹1,00,000 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകി. മരുന്ന് ലഭ്യമായതായി മെഡിക്കൽ ഓഫീസർ അറിയിച്ചുവെങ്കിലും മരുന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ₹1,00,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയുടെ പ്രവൃത്തി നടന്നില്ല - ₹1,20,000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി,

പ്രോജക്ട് നമ്പർ : 153/16

പ്രോജക്ടിന്റെ പേര് :കമ്പിപ്പാലം-വെണ്ടേക്കംചാൽ റോഡിനു സമീപം കുറുപ്പുംചേരിപ്പടി റോഡിൽ
പൈപ്പ് ലൈൻ നീട്ടൽ

വകയിരുത്തിയ തുക : ₹1,20,000, ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് : ₹1,20,000

വൗച്ചർ നമ്പർ/തീയതി : 21501002/31-03-2016

മേൽ പ്രവൃത്തിയുടെ നിർവഹണത്തിനായി ₹1,20,000 ( ഡി.ഡി.നമ്പർ-755831തീയതി-5-4-2016) കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്നും, വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം-10/28-12-2016) പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെന്നും 2017 മാർച്ചിനകം പ്രവൃത്തി പൂർത്തിയാക്കുന്നതാണ് എന്നും വാട്ടർ അതോറിറ്റി അധികൃതർ അറിയിച്ചിട്ടുണ്ടെന്നുമാണ് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹1,20,000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-5** മാർഗരേഖക്ക് വിരുദ്ധമായ ചെലവ് **₹10,500** യുടെ ചെലവ് അംഗീകരിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 54/2016 .

പ്രോജക്ടിന്റെ പേര് : അതുല്യം തുടർ വിദ്യാഭ്യാസ പരിപാടി

അടങ്കൽ : ₹1,16,000 വികസനഫണ്ട്

ചെലവ് തുക : ₹ 87,316

ബിൽ നമ്പർ. : 2/15-16/19-3-2016

സബ്സിഡി മാർഗരേഖ ജിഒ(എംഎസ്) 362/2013 dt 16-11-2013, അനുബന്ധം 16. ഖണ്ഡിക 7-7 പ്രകാരം ഉത്പാദന പരമല്ലാത്ത പരിപാടികളായ ഉല്ലാസയാത്രകൾ- പഠനയാത്രകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടത്താൻ പാടില്ല. എന്നാൽ അതുല്യം പദ്ധതിയുടെ ഭാഗമായി മലബാർ പ്ലഷേഴ്സ്, വിസ്മയ ഇൻഫോടെയിൻമെന്റ് എന്ന സ്ഥാപനത്തിലേക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്തിയതിന് ₹10,500 ചെലവഴിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-15) നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയ മറുപടി തൃപ്തികരമല്ല. സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായ ചെലവായതിനാൽ ₹10,500 യുടെ ചെലവ് അംഗീകരിക്കുന്നില്ല. ₹10,500 നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- സർക്കാർ നിശ്ചയിച്ച നിരക്കിൽ വിതരണം ചെയ്തില്ല

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

പ്രോജക്ട് നമ്പർ : 52/15-16

വകയിരുത്തിയ തുക : 1,50,000 വികസന ഫണ്ട്

ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 37,500

ജില്ലാ പഞ്ചായത്ത് വിഹിതം : 37,500

ആകെ : 2,25,000

ബിൽ നം : 3/15-16/21-03-2016

2015-16 ആകെ സ്കോളർഷിപ്പ് വിതരണം ചെയ്ത 35 കുട്ടികളിൽ 15പേർ മാനസിക വെല്ലുവിളി നേരിടുന്നവരും 20 പേർ ശാരീരിക വെല്ലുവിളി നേരിടുന്നവരുമാണ്. ഇവർക്ക് കൊടുത്ത തുകയും സർക്കാർ ഉത്തരവ് (ജി.ഒ (എം.എസ്) 362/13 ത.സ്വ.ഭ.വ തീ 16/11/13) പ്രകാരം കൊടുക്കാവുന്ന തുകയും താഴെ ചേർക്കുന്നു.

1. മാനസിക വെല്ലുവിളി നേരിടുന്നവർ

| ക്രമ നമ്പർ | സർക്കാർ നിരക്ക് | കുട്ടികളുടെ എണ്ണം | നൽകാവുന്ന തുക | നൽകിയ തുക | കുറവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1000/മാസം + 800 +1400 (വാർഷികം) | 15 | 2,13,000 | 8000 x 15 =1,20,000 | 93,000 |
| | ആകെ | | 2,13,000 | 1,20,000 | 93,000 |

ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് ബാക്കി തുക വിഭജിച്ച് നൽകുകയാണ് ഉണ്ടായത്. അർഹമായ നിരക്കിൽ വിതരണം ചെയ്തിട്ടില്ല. മേൽ പട്ടിക പ്രകാരം ഓഡിറ്റ് കാലയളവിൽ മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ പെട്ടവർക്ക് നൽകിയ സ്കോളർഷിപ്പിൽ ₹93,000 കുറവ് വന്നതായി കാണാവുന്നതാണ്. അതുപോലെ ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും കുറവ് സംഭവിച്ചിട്ടുണ്ട്. ഈ വിഭാഗം ആൾക്കാർക്ക് സർക്കാർ അനുവദിച്ച മുഴുവൻ ആനുകൂല്യവും വിതരണം ചെയ്യാത്തത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-7 ഗുണഭോക്തൃകമ്മിറ്റി കൺവീനർമാർ പ്രവൃത്തികൾ കരാറുകാരെ ഏൽപ്പിച്ചത് ക്രമവിരുദ്ധം

ഗുണഭോക്തൃസമിതി ഏറ്റെടുത്ത പ്രവൃത്തികൾ നടപടി ക്രമം പാലിക്കാതെ കരാറുകാരെ ഏൽപിക്കാൻ പാടില്ലാത്തതാണ്. കേളകം ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതി ഏറ്റെടുത്ത താഴെ പറയുന്ന പ്രവൃത്തികൾ ചിലത് പൂർണ്ണമായും ചിലത് ഭാഗികമായും കരാറുകാരെ ഏൽപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | പ്രവൃത്തി മൂല്യം ₹ | ഡി.ഡി.നം./ തീയ്യതി, തുക | റിമാർക്സ് / കരാറുകാരന് നൽകിയ തുക |
|---|---|---|---|---|---|
| 1 | 37/16 കേളകം പി.എച്ച്.സി. റോഡ് പുനരുദ്ധാരണം | ജോസ് വാത്യാട്ട് | 1,83,161 | 821753/ 11.04.2016 ₹1,66,884 | പ്രവൃത്തി പൂർണമായും കരാറുകാരനെ ഏൽപ്പിച്ചു. (₹1,73,000) |
| 2 | 32/16 കല്ലിക്കണ്ടം-വെള്ളൂന്നി റോഡ് മെയിന്റനൻസ് | ജോസ് സെബാസ്റ്റ്യൻ | 4,46,153 | ₹4,10,028 | ടാറിംഗ് കരാറുകാരനെ ഏൽപിച്ചു. (₹1,63,000) |

| | | | | | |
|---|---|---|---|---|---|
| 3 | 114/16<br>വെള്ളൂന്നി ഗാന്ധി റോഡ് സോളിംഗ് | ബാലചന്ദ്രൻ | 2,91,139 | 821752/<br>11.04.2016<br>₹2,69,166 | സോളിംഗ് കരാറുകാരനെ ഏൽപ്പിച്ചു. (₹1,49,000) |
| 4 | 113/16<br>കാളികയം അങ്കണവാടി-കുണ്ടേരി റോഡ് ടാറിംഗ് | സദാശിവൻ | 4,48,147 | 755850/<br>11.04.2016<br>₹4,36,967 | സോളിംഗ്, ടാറിംഗ് കരാറുകാരനെ ഏൽപ്പിച്ചു. (₹3,71,150) |
| 5 | 110/16<br>കോടിയാടൻമുക്ക് മീശക്കവല റോഡ് ടാറിംഗ് | വർഗീസ് വലിയപറമ്പിൽ | 3,99,994 | 755756/<br>04.03.2016<br>₹3,67,352 | സോളിംഗ്, ടാറിംഗ് കരാറുകാരനെ ഏൽപ്പിച്ചു. (₹3,42,700) |
| | ആകെ | | | 16,50,397 | |

ഇത്തരത്തിൽ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച പ്രകാരം ₹16,50,397യുടെ മൂല്യമുള്ള പ്രവൃത്തികളാണ് നടപടിക്രമങ്ങൾ പാലിക്കാതെ ഗ്രാമ പഞ്ചായത്തിൽ 2015–16 സാമ്പത്തികവർഷം നടപ്പാക്കിയത്. പ്രവൃത്തികൾ ഭാഗികമായോ മുഴുവനായോ കൺവീനറുടെ സൗകര്യത്തിനനുസരിച്ച് കരാറുകാരെ ഏൽപിച്ചതായാണ് മിനുട്സിൽ നിന്ന് വ്യക്തമാകുന്നത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രാജക്റ്റ് നമ്പർ പേര് | ചെലവഴിച്ച തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1,00,000 | 69/16<br>പാലിയേറ്റീവ് കെയർ | ഇല്ല | 1,00,000 |
| | 37,500 | 52/16<br>ശാരീരിക മാനസിക വെല്ലുവിളികളുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 37,500 | ഇല്ല |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 37,500 | | 37,500 | ഇല്ല |
| കേന്ദ്ര വിഹിതം | 2,16,964 | 55/16<br>അംഗൻവാടി പോഷകാഹാരം | 2,16,964 | ഇല്ല |
| ടി.എസ്.സി | 6,00,000 | 124/16<br>സാനിറ്ററി യൂണിറ്റ് | 4,20,000 | 1,80,000 |

സംയുക്ത പ്രോജക്റ്റുകൾക്ക് ലഭ്യമായ തുകകൾ വിനിയോഗിക്കുകയോ തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ | തുക | ക്രമീകരിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കമ്പിപ്പാലം-വെണ്ടേക്കംചാൽ റോഡിന് സമീപം കറപ്പംചേരി പടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | KWA | 21501002/31-3-16 | 1,20,000 | ലഭ്യമല്ല | - |

ഡെപ്പോസിറ്റ് വർക്കിന് നൽകിയ മേൽ തുക B-18 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം വായ്പയിനത്തിൽ തിരിച്ചടച്ച തുകയുടെ വിവരം താഴെകൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ ധനസഹായം | ജി.ഒ (പി) 274/2010 ത.സ്വ.ഭ.വ. തീയ്യതി 27-1-2010 | 50,20,250 | 5,09,193 | 3,92,698 | | 1,16,495 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച ₹55,673 യുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് വിവരം | രശീത് നമ്പർ, തീയ്യതി |
|---|---|---|---|---|
| 2011-12, 2012-13 | 3-8 | 750 | മെഡിക്കൽ ഓഫീസർ ഗവ. ഹോമിയോ ഡിസ്പെൻസറി കേളകം | 11503101409/22-9-15 |
| | 3-16 | 5,988 | അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി | 11503101696/10-12-15 |
| | 3-17 | 48,935 | | 11503101697/10-12-15 |

| | | | | |
|---|---|---|---|---|
| | | | കേളകം | |
| | | 55,673 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്* | ₹ | 3,83,43,286 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്* | ₹ | 43,987,828 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | 9,893 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | 10,500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 2,30,000 |

*Receipt & Payment Statement പ്രകാരം

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം ₹ | ചെലവ് നഷ്ടം ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 4,903 | | ശ്രീ. യു.പി. പ്രദീപ്,സെക്രട്ടറി |
| 2-2(3) | 3,890 | | ശ്രീ. കെ. ദിവാകരൻ,സെക്രട്ടറി |
| 2-3 | 1,100 | | ശ്രീ. കെ. ദിവാകരൻ,സെക്രട്ടറി |
| 3-5 | | 10,500 | ശ്രീ. മണി. പി.കെ , ഹെഡ് മാസ്റ്റർ |
| ആകെ | 9,893 | 10,500 | |

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 10,000 | ശ്രീ. കെ. ദിവാകരൻ, സെക്രട്ടറി |
| 3-3 | 1,00,000 | ഡോ. മുഹമ്മദ് മിറാസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-4 | 1,20,000 | ശ്രീ. കെ. ദിവാകരൻ, സെക്രട്ടറി |
| ആകെ | 2,30,000 | |

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു.പി. പ്രദീപ്,സെക്രട്ടറി | സെക്രട്ടറി, മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് | കുളിർമ വീട്, മേലൂർ പി ഒ, തലശ്ശേരി |
| ശ്രീ. കെ.ദിവാകരൻ, സെക്രട്ടറി | സെക്രട്ടറി, കേളകം ഗ്രാമ പഞ്ചായത്ത് | ശ്രീപാദം, ഇരിവേരി പി ഒ, കണ്ണൂർ. |
| ശ്രീ. മണി. പി.കെ , ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, ചെട്ട്യംപറമ്പ് ഗവ. യു പി സ്കൂൾ | പൈലിപ്പറമ്പിൽ വീട്, മണത്തണ പി ഒ, കണ്ണൂർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(1)തീ.7-7-2012 | 2 |
| 1997-98 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(2)തീ.7-7-2012 | 9 |
| 1998-99 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(3)തീ.7-7-2012 | 11 |
| 1999-00 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(4)തീ.7-7-2012 | 7 |
| 1999-00 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(5)തീ.7-7-2012 | 3 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(6)തീ.7-7-2012 | 6 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(7)തീ.7-7-2012 | 3 |
| 2001-02 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(8)തീ.7-7-2012 | 1 |
| 2001-02 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(9)തീ.7-7-2012 | 9 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ/സി.3.1447 /09(10)തീ.7-7-2012 | 4 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ/സി.3 | 12 |

| | | |
|---|---|---|
| | /286/09തീ.9-7-2009 | |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.3<br>/287/09തീ.18-7-2009 | 5 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.5<br>/1509/09തീ.12-11-2011 | 13 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.5/1510/09തീ.12-11-2011 | 6 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.5/1131/13തീ.24-8-2013 | 18 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.5/1131/13തീ.24-8-2013 | 19 |
| 2009-10<br>2010-11 | എൽ.എഫ്.കെ.എൻ.ആർ/സി.5<br>/1462/14തീ.14-10-2014 | 18 |
| 2011-12<br>2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.5/182/15തീ.21-5-2015 | 25 |
| 2013-14<br>2014-15 | എൽ.എഫ്.കെ.എൻ.ആർ/സി.5/1388/16തീ.3-8-2016 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി11-24/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഫോൺ : 0497 2707698

ഇ മെയിൽ :lfaddistofficeknr@gmail.com

തീയ്യതി : 01-02-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-)o വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കേളകം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## AUDIT CERTIFICATE

No. KSA/KNR/C 11-24/2017

Kerala State Audit Department

District Audit Office, kannur

Phone : 0497 2707698

E Mail :lfaddistofficeknr@gmail.com

Date: 01.02.2017

Certified that I have audited the Annual Financial Statement of Kelakam Grama Panchayat in Kannur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion,the Financial Statements of Kelakam Grama panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director

District Audit Office, Kannur.

## അനുബന്ധം - 2

# RECEIPT AND PAYMENT STATEMENT OF KELAKAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 16241950.00 |

| | | | |
|---|---|---|---|
| | Cash | RP-40(a) | 139124.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 756684.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 200.00 |
| 140000000 | Fees & User Charges | RP-4 | 219850.00 |
| 150000000 | Sale & Hire Charges | RP-5 | 143846.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 5396600.00 |
| 171000000 | Interest Earned | RP-9 | 59492.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26088807.00 |
| 350000000 | Other Liabilities | RP-36 | 2272494.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 200.00 |
| 311000000 | Earmarked Funds | RP-29 | 338.00 |
| 340000000 | Deposits Received | RP-34 | 124142.00 |
| 350000000 | Other Liabilities | RP-36 | 131057.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3125576.00 |
| 460000000 | Loans, Advances and Deposits | RP-47 | 24000.00 |
| Grand Total | | | 54724360.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1291240.00 |
| 220000000 | Administrative Expenses | RP-12 | 746927.00 |
| 230000000 | Operations & Maintenance | RP-13 | 885000.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3010573.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 7742585.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3187897.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 154340.00 |
| 255000000 | Maintance Projects | RP-20 | 6856563.00 |
| 256000000 | Other Revenue Grants and funds- Revenue Expenses | RP-21 | 99600.00 |
| 260000000 | Grants,Contributions and Compensations from Own fund | RP-22 | 10000.00 |
| 280000000 | Prior Perid Items | RP-26 | -1830.00 |
| 320000000 | Grants, Funds &Contributions for specific Purposes | RP-31 | 16655.00 |
| 350000000 | Othes Liabilities | RP-36 | 4745128.00 |
| Non Operating | | | |
| 240000000 | Interest and Finance Charges | RP-14 | 242.00 |
| 330000000 | Secured Loans | RP-32 | 392698.00 |
| 340000000 | Deposits Received | RP-34 | 97765.00 |
| 350000000 | Other Liabilities | RP-36 | 1412990.00 |
| 410000000 | Fixed Assets | RP-38 | 10739451.00 |
| 412000000 | Capital Work in Progress | RP-40 | 2247872.00 |
| 460000000 | Loans, Advances and Deposits | RP-47 | 352132.00 |
| | Closing Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 10543948.00<br>192584.00 |
| Grand Total | | | 54724360.00 |

## അനുബന്ധം-3

# INCOME AND EXPENDITURE STATEMENT OF KELAKAM GRAMA PANCHAYAT FOR THE PERIOD FROM 1-4-2015 TO 31-3-2016

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3449322.00 |
| 130000000 | Rental Income from panchayat properties | I-3 | 403726.00 |
| 140000000 | Fees & User Charges | I-4(b) | 405200.00 |
| 150000000 | Sale & Hire Charges | I-5(b) | 147166.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 53896694.00 |
| 171000000 | Interest Earned | I-8 | 59492.00 |
| 180000000 | Other Income | I-9 | 200.00 |
| A | Total Income | | 58361800.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 6314138.00 |
| 220000000 | Administrative Expenses | I-11(b) | 746927.00 |
| 230000000 | Operations & Maintenance | I-12(b) | 885000.00 |
| | | I-13 | 242.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 8469257.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 19392467.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3187897.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 11449840.00 |
| 255000000 | Maintance Projects | I-14(e) | 6856563.00 |
| 270000000 | Provision and write off | I-15(a) | 244900.00 |
| 260000000 | Grants, Contributions and Compensations from Own | I-15 | 10000.00 |

| | | | |
|---|---|---|---|
| | fund | | |
| 272000000 | Depreciation | I-17(a) | 11237316,00 |
| B | Total Expenditure | | 68794547.00 |
| C=A-B | Gross Surplus / Defict Income over Expenditure | | (10432747.00) |
| D= 280000000 | Prior Period Item | I-18 | (66454.00) |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | (10366293.00) |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## അനുബന്ധം- 4

# BALANCE SHEET OF KELAKAM GRAMA PANCHAYAT AS ON 31-3-2016

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | (9425705.00) |
| 311000000 | Earmarked Funds | B-2 | 8713.00 |
| 312000000 | Reserves | B-3 | 45515673.00 |
| | Total Reserve & Surplus | | 36098681/00 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 4995948.00 |
| | Total Grants,Contribution for specific purposes | | 4995948.00 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 116495.00 |
| | Total Loans | | 116495.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 833833.00 |
| 341000000 | Deposit Works | B-8 | 5500.00 |
| 350000000 | Other Liabilities | B-9 | 2312169.00 |
| | Total Current Liabilities and Provisions | | 3151502.00 |
| | TOTAL LIABILITIES | | 44362626.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 48619000.00 |
| 411000000 | Accumulated Depreciation | B-11 | (20912213.00) |
| 412000000 | Capital Work In Progress | B-11(a) | 2818866.00 |
| | Total Fixed Assets | | 30525653.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1894214.00 |
| 440000000 | Pre-paid Expenses | B-16 | 116495.00 |
| 450000000 | Cash and Bank balance | B-17 | 10736532.00 |
| 460000000 | Loans, Advances and Deposits | B-18 | 1089732.00 |
| | Total Current Assets,Loans and Advances | | 13836973.00 |
| | TOTAL ASSETS | | 44362626.00 |